മത്താ 1:18 - 25

ഡിസംബർ 11: മാർ യൗസേപ്പിനുണ്ടായ ദർശനം

ഭാഷ്യം

I. സന്ദർഭം

മത്തായിയുടെ സുവിശേഷത്തിന്റെ പ്രാരംഭ ഭാഗമാണ് 1:1 മുതൽ 4:11 വരെ. യേശു പ്രവർത്തനം ആരംഭിക്കുന്നതുവരെയുള്ള സംഭവങ്ങളാണ് ഇവിടെ പ്രതിപാദ്യം. മറിയത്തിന്റെ മകനായ യേശു, ക്രിസ്തുവും ദൈവത്തിന്റെ പുത്രനുമാണെന്ന അനുഭവത്തിലേക്ക് വായനക്കാരനെ നയിക്കുകയാണ് ഈ ഭാഗത്തിന്റെ ലക്ഷ്യം.

II. പ്രമേയം

ദൈവം കൃത്യമായി നിയന്ത്രിക്കുന്ന യൂദ ചരിത്രഗതിയിൽ ക്രിസ്തുവായി ജനിക്കുന്നത് യേശുവാണെന്നാണ് വംശാവലി ചരിത്രം പറയുന്നത് (1:1-17). മറിയത്തിൽ നിന്നും യേശു ജനിപ്പിക്കപ്പെട്ടുവെന്നാണ് (1:18) വംശാവലി പറയുന്നത്. ഇസഹാക്ക് മുതൽ (1:2) ജോസഫ് വരെയുള്ളവരെ (1:2-16) അവരുടെ പിതാക്കന്മാർ ജനിപ്പിക്കുമ്പോൾ യേശുവിനെ ജോസഫ് ജനിപ്പിക്കുന്നില്ല. പകരം അവൻ ജനിപ്പിക്കപ്പെടുകയാണ് (1:16). അതായത് ദൈവത്താൽ ജനിപ്പിക്കപ്പെട്ടുവെന്ന് അർത്ഥം. ഇത് എങ്ങനെ സംഭവിച്ചുവെന്ന വായനക്കാരന്റെ ആകാംക്ഷയ്ക്കുള്ള ഉത്തരമാണ് 1:18-25. അതായത് കർമണി പ്രയോഗത്തിലൂടെ (Passive Voice) സൂചിപ്പിക്കപ്പെടുന്ന ദൈവിക പ്രവൃത്തി എങ്ങനെ സംഭവിച്ചുവെന്ന വിശദീകരണം. ചുരുക്കത്തിൽ യേശു എങ്ങനെയാണ് ഒരേ സമയം ദൈവത്തിന്റെ പുത്രനും ദാവീദിന്റെ പുത്രനും (ക്രിസ്തു) ആകുന്നതെന്ന് ഈ ഭാഗത്ത് വിശദീകരിക്കപ്പെടുന്നു.

III. സന്ദേശം

1. ഗർഭിണിയായ ഭാര്യയെ ഉപേക്ഷിക്കാനാണ് യൗസേപ്പ് പിതാവ് ആലോചിക്കുന്നത് (1:20). അതിനു കാരണം, ഭർത്താവിന്റെ അറിവില്ലാതെയുള്ള ഗർഭമാണ്. അതിനാൽ അത് അവിഹിത ഗർഭവും പാപവുമാണെന്നായിരിക്കണം യൗസേപ്പിന്റെ ചിന്ത. അതുകൊണ്ടാണ് മറിയത്തെ ഉപേക്ഷിക്കാൻ തീരുമാനിക്കുന്നത്. എന്നാൽ ദൈവദൂതന്റെ വെളിപ്പെടുത്തലിലൂടെ യൗസേപ്പ് തിരിച്ചറിയുന്നു, താൻ പാപകരമായ ഗർഭമായി കരുതിയത് പരിശുദ്ധ ഗർഭമായിരുന്നെന്ന്.

ഇത് ഇന്ന് നിന്റെ ജീവിതത്തിലും സംഭവിക്കാം. അസാധാരണമായി നിനക്ക് തോന്നിയതെല്ലാം തെറ്റും പാപവുമാകണമെന്നില്ല; മറിച്ച് ദൈവിക പ്രവൃത്തികളാണെന്നു വരാം. അതിനാൽ ലോജിക്കിനു നിരക്കാത്തതിനെയൊക്കെ പ്രാർത്ഥനയോടും ശാന്തതയോടും കൂടെ നീ സമീപിക്കണം.

2. മറിയത്തെ ഉപേക്ഷിക്കുന്നതിനെക്കുറിച്ച് ആലോചിച്ചുകൊണ്ടിരിക്കുമ്പോഴാണ് ദൈവദൂതൻ യൗസേപ്പുപിതാവിന് പ്രത്യക്ഷപ്പെടുന്നത്. നിന്റെ തീരുമാനങ്ങളും അവയുടെ നടപ്പിലാക്കലുകളും ധൃതിയിലാകാതിരിക്കാൻ നീ ശ്രദ്ധിക്കണം. പ്രത്യേകിച്ചും, മറ്റുള്ളവരെ ദോഷകരമായി ബാധിക്കാവുന്ന തീരുമാനങ്ങൾ. അവയെക്കുറിച്ച് പലപ്രാവശ്യം ആലോചിച്ചശേഷമേ നീ അവ നടപ്പിലാക്കാവൂ. അതിലൂടെ ദൈവികപ്രവർത്തനത്തിനുള്ള സമയവും സാധ്യതയും അനുവദിക്കുകയാണ് നീ ചെയ്യുന്നത്. ദൈവത്തിന് പ്രവർത്തിക്കാനുള്ള സ്പേസ് അനുവദിക്കുമ്പോഴാണ് നിന്റെ തീരുമാനങ്ങളിലും ജീവിതത്തിലും ദൈവികസ്പർശനമുണ്ടാകുന്നത്.

3. ദൈവദൂതൻ സ്വപ്നത്തിൽ പ്രത്യക്ഷപ്പെട്ടാണ് യൗസേപ്പുപിതാവിനോട് ദൈവികദൂത് അറിയിക്കുന്നത് (1:20). സ്വപ്നംപോലും ദൈവികസന്ദേശം കൈമാറാനുള്ള മാധ്യമമായിത്തീരുന്നു എന്നു സാരം. അതിനാൽ നിന്റെ ജീവിതത്തിൽ നീ ഒന്നിനെയും വിലകുറച്ചു കാണരുത്. ഏത് മാധ്യമത്തെ വേണമെങ്കിലും തന്റെ സന്ദേശം കൈമാറാനായി ദൈവത്തിന് ഉപയോഗിക്കാം എന്നു സാരം. അതിനാൽ ദൈവഹിതം നിന്നിലേക്ക് കടന്നുവരുന്ന വഴികളെ നീ ശ്രദ്ധയോടെ വീക്ഷിക്കുക; നോക്കിയിരിക്കുക. എങ്കിൽ മാത്രമേ, കടന്നുവരുന്ന ദൈവഹിതത്തെ തിരിച്ചറിയാനും, സ്വീകരിക്കാനും നിനക്കു കഴിയുകയുള്ളൂ.

ഡോ. ജേക്കബ് നാലുപറയിൽ

പ്രസംഗം

ദൈവഹിതം തിരിച്ചറിയുക

ഈ അടുത്ത നാളിൽ കേട്ട ഒരു വാട്സ് ആപ്പ് സന്ദേശം ഇപ്രകാരമായിരുന്നു: ഒരു ധ്യാനഗുരു തന്റെ അനുഭവം പങ്കുവയ്ക്കുകയാണ്. അദ്ദേഹം തന്റെ ജീവിതത്തിൽ ഏത് യാത്രയ്ക്കും പ്രവർത്തിക്കും മുമ്പ് ദൈവത്തോട് പ്രാർത്ഥിച്ച്, അവിടുത്തെ ഇഷ്ടം അറിഞ്ഞ്, കർത്താവിനെ കൂടെ കൂട്ടിയിട്ടുവേണം ആരംഭിക്കുവാനായിട്ട് എന്നു തീരുമാനിച്ചു. എന്നാൽ ആദ്യമെല്ലാം ഏറെ ബുദ്ധിമുട്ടായിരുന്നു.

ഒരു ദിവസം ഒരു ബസ് യാത്രയിൽ ഇരിക്കാൻ കിട്ടിയത് പുറകിലെ സീറ്റാണ്. ഇരുന്ന ഉടനെ ഇങ്ങനെ പ്രാർത്ഥിച്ചു, ഈശോയെ, യാത്രയിലുടനീളം എന്റെ കൂടെ, അടുത്ത് ഉണ്ടായിരിക്കേണമെ. അല്പം കഴിഞ്ഞപ്പോൾ അദ്ദേഹത്തിന് ശക്തമായ നെഞ്ചുവേദന അനുഭവപ്പെട്ടു. വേദന അസഹനീയമാ

യപ്പോൾ ഇരുന്നിടത്തുനിന്നും എഴുന്നേറ്റ് അദ്ദേഹം ബസിന്റെ മുമ്പിലേക്ക് നടന്നു. അതിശയകരമാംവിധത്തിൽ വേദന പൂർണ്ണമായും ഇല്ലാതായി.

പിൻ സീറ്റിൽ മറ്റാരും ഇരുന്നിട്ടില്ല എന്നുകണ്ടപ്പോൾ തിരികെ വീണ്ടും വന്നിരുന്നു. പക്ഷേ ഇരുന്നതും നെഞ്ചുവേദന വീണ്ടും തുടങ്ങി. പൂർവ്വാധികം ശക്തിയോടെ മടങ്ങി വന്നു. വീണ്ടും എഴുന്നേറ്റ് ബസിന്റെ മുമ്പിലേക്ക് നടന്നു. അന്നേരം തന്നെ തടികയറ്റി വന്ന ഒരു ലോറി താൻ ഇരുന്നിരുന്ന സീറ്റ് തകർത്തുകൊണ്ട് ബസിൽ വന്ന് ശക്തമായി ഇടിച്ചു. ഒരു പോറൽപോലും ഏൽക്കാതെ ആ ധ്യാനഗുരു രക്ഷപ്പെട്ടു. "ദൈവത്തെ സ്നേഹിക്കുന്നവർക്ക് അവിടുത്തെ പദ്ധതിയനുസരിച്ച് വിളിക്കപ്പെട്ടവർക്ക്, അവിടുന്ന് സകലതും നന്മയ്ക്കായി പരിണമിപ്പിക്കുന്നു" (റോമാ 8: 28). ജീവിതത്തിലെ സകല പ്രവർത്തനങ്ങളും ദൈവേഷ്ടപ്രകാരം നിർവ്വഹിക്കണം എന്ന് യൗസേപ്പിതാവിന്റെ ജീവിതത്തിലൂടെ നമ്മെ ഓർമ്മിപ്പിക്കുക യാണ് ഇന്നത്തെ സുവിശേഷഭാഗം.

ജോസഫ് നീതിമാനായിരുന്നു. നീതിയോടൊപ്പം കാരുണ്യംകൂടെ കൂട്ടിച്ചേർത്ത് അദ്ദേഹം ഒരു തീരുമാനമെടുത്തു, തന്റെ പ്രതിശ്രുതവധുവായ മറിയത്തെ രഹസ്യത്തിൽ ഉപേക്ഷിക്കുക. പക്ഷേ അത് ജോസഫിന്റെ തീരുമാനമായിരുന്നു, ദൈവത്തിന്റേതായിരുന്നില്ല. മറിയത്തെ ഭാര്യയായി സ്വീകരിക്കുകയും പിറക്കാനിരിക്കുന്ന കുഞ്ഞിന് യേശു എന്നു പേരിടുകയും വേണം എന്നതായിരുന്നു ദൈവഹിതം. ദൈവേഷ്ടം എന്താണെന്നു തിരിച്ചറിഞ്ഞനിമിഷം മുതൽ പരാതിയേതുമില്ലാതെ ജോസഫ് ദൈവേഷ്ടത്തിനനുസരിച്ച് പ്രവർത്തിച്ചു.

തുടർന്നങ്ങോട്ട് ഒരിടത്തുപോലും തന്റെ ആഗ്രഹത്തിനനുസരിച്ച് പ്രവർത്തിക്കാൻ ജോസഫ് പരിശ്രമിച്ചിട്ടില്ല. പകരം ദൈവത്തിന്റെ ആഗ്രഹമെന്നോണം അതിനനുസരിച്ച് മാത്രം ജീവിച്ചു. ബേത്‌ലെഹെമിലേക്ക് യാത്രയായതും, ഈജിപ്തിലേക്ക് പലായനം ചെയ്തതുമെല്ലാം ദൈവപദ്ധതിയുടെ പൂർത്തീകരണത്തിന്റെ ഭാഗമായിട്ടായിരുന്നു. ഭൂമിയിലെ ഈശോയുടെ വളർത്തുപിതാവ് സ്വർഗ്ഗപിതാവിന്റെ ഹിതത്തിനനുസരിച്ചുമാത്രം ഈശോയെ വളർത്തി, ജീവിച്ചു. ഈ ഭൂമിയിൽ ദൈവഹിതപ്രകാരം ജീവിക്കാൻ എപ്പോഴെങ്കിലും അസ്വസ്ഥത തോന്നുന്നുണ്ടെങ്കിൽ ഓർക്കുക എവിടെയൊക്കെയോ എന്റെ ഹിതം തമ്പുരാന്റെ തിരുമനസ്സിനെക്കാൾ മുഴച്ചുനിൽക്കുന്നുണ്ടെന്ന്.

നമ്മെക്കുറിച്ചുള്ള ദൈവീകപദ്ധതി എന്തെന്നു തിരിച്ചറിയുക എന്നുള്ളതാണ് ഏറെ പ്രയാസം. വിശുദ്ധ യൗസേപ്പിതാവിനെപ്പോലെ തന്റെ വ്യക്തിജീവിതത്തിന്റെ ആഗ്രഹങ്ങളേക്കാൾ പിതാവായ ദൈവത്തിന്റെ ഇഷ്ടം എന്താണെന്ന് തിരിച്ചറിഞ്ഞ് അതിനനുസരിച്ച് നമ്മുടെ ജീവിതത്തെ ക്രമപ്പെടുത്തുമ്പോൾ സുന്ദരമായി തീരും നമ്മുടെ ജീവിതം.

ഫാ. മെജോ മരോട്ടിക്കൽ